**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 472** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയയെ തുടർന്നുണ്ടായ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളജിൽ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ഗർഭാശയം നീക്ക ശസ്ത്രക്രിയയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞിരുന്ന സ്ത്രീ മരിച്ചതുൾപ്പെടെ മെഡിക്കൽ കോളേജുകളിൽ സമാനസംഭവങ്ങൾ ഉണ്ടാകുന്നതു ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇത്തരം ആരോപണങ്ങൾ ഗൗരവമായി കാണുന്നു. ഐ.എം.സി.എച്ച്. -ലെ ആശുപത്രിയിൽ ചികിത്സ തേടിയിരുന്ന 57 വയസ്സുള്ള രോഗി ആർത്തവ വിരാമത്തിന് ശേഷമുള്ള രക്തസ്രാവവും, ഗർഭാശയ ക്യാൻസറിന് മുന്നോടിയായുള്ള എൻഡോമെട്രിയൽ ഹൈപ്പർപ്ലേസിയ എന്ന രോഗാവസ്ഥയുമുള്ളതിനാൽ ഗർഭാശയവും, അണ്ഡാശയങ്ങളും നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്ക് 04.03.2025 ന് അഡ്മിറ്റ് ചെയ്തു. ഈ രോഗി രക്തസമ്മർദ്ദവും, റുമറ്റോയ്ഡ് ആർത്രൈറ്റിസ് എന്ന രോഗത്തിന് വേണ്ടി സ്റ്റീറോയ്ഡ്, Methotreyate എന്ന മരുന്നും കഴിച്ചുകൊണ്ടിരുന്ന വ്യക്തിയാണ്. 07.03.2025 ന് താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ ഗർഭാശയവും അണ്ഡാശയങ്ങളും നീക്കം ചെയ്തു. ഓപ്പറേഷന്റെ സമയത്തുതന്നെ ഗർഭാശവും, കുടലും തമ്മിൽ ഒട്ടിച്ചേർന്ന ഭാഗം വിടർത്തുമ്പോൾ, വൻകുടലിന്റെ ഭാഗത്ത് ഒരു ക്ഷതം കണ്ടെത്തുകയും, അപ്പോൾത്തന്നെ ജനറൽ സർജനെ വിളിച്ചുവരുത്തി ലാപ്രോസ്കോപ്പി വഴി ആ ക്ഷതം തുന്നിച്ചേർക്കുകയും ചെയ്തു. എന്നാൽ ലീക്ക് സംശയിച്ചതിനാൽ 10.03.2025 ന് ജനറൽ സർജൻമാർ അടിയന്തിരമായി വയർ തുറന്ന് ശസ്ത്രക്രിയ ചെയ്യുകയും, കുടലിൽ തുന്നൽ ഇട്ട ഭാഗത്ത് ലീക്ക് കാണുകയും, ഫീക്കൽ പെരിറ്റോണൈറ്റിസ് എന്ന അവസ്ഥ കണ്ടെത്തുകയും ആ ഭാഗത്ത് വേണ്ട ചികിത്സ ചെയ്യുകയും രോഗിയെ വെന്റിലേറ്ററിലേക്ക് മാറ്റുകയും ചെയ്തു. എന്നാൽ രോഗിയുടെ അവസ്ഥ ഗുരുതരമാകുകയും 12.03.2025 ന് പുലർച്ചെ 5.25 മണി സമയത്ത് മരണമടയുകയും ചെയ്തു.<br><br>പത്രമാധ്യമങ്ങൾ വഴി വാർത്ത ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് |

| | | | |
|---|---|---|---|
| | | | (ചെയർമാൻ), പീഡിയാട്രിക്സ് സർജറി വകുപ്പ മേധാവി (കമ്മിറ്റി അംഗം), ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വകുപ്പ മേധാവി (കമ്മിറ്റി അംഗം) എന്നിവരെ ഉൾപ്പെടുത്തി അന്വേഷണ കമ്മിറ്റി രൂപീകരിച്ച് അടിയന്തരമായി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | പ്രാഥമിക തലത്തിൽ അന്വേഷണത്തിൽ രോഗിക്ക് നൽകിയ ചികിത്സയിൽ വീഴ്ച കണ്ടെത്തിയിട്ടില്ല. എങ്കിലും പത്രമാധ്യമങ്ങൾ വഴി വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് (ചെയർമാൻ), പീഡിയാട്രിക്സ് സർജറി വകുപ്പ മേധാവി (കമ്മിറ്റി അംഗം), ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വകുപ്പ മേധാവി (കമ്മിറ്റി അംഗം) എന്നിവരെ ഉൾപ്പെടുത്തി അന്വേഷണ കമ്മിറ്റി രൂപീകരിച്ച് അടിയന്തരമായി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (സി) | സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | ഇത്തരത്തിലുള്ള പരാതികളെ അതീവഗൗരവമായികണ്ട് സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തീയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയ്നിംങ്ങും, ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ശസ്ത്രക്രിയക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും, തീയേറ്ററിന്റെ ചുമതലയുള്ള സീനിയർ നേഴ്സിങ്ങ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നേഴ്സിങ്ങ് ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ